നിന്നും ബന്ധപ്പെട്ട തസ്തികയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിലില്ലെന്ന് സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്നും എല്ലാ നിയമനാധികാരികൾക്കും വകുപ്പദ്ധ്യക്ഷൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർ

1458. [2198] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർക്ക് പ്രൊമോഷൻ സാദ്ധ്യതകളുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(സി) ഈ വിഭാഗം ജീവനക്കാരിലെ വികലാംഗരായവർക്ക് എന്തെങ്കിലും പ്രത്യേക പരിഗണനയുമുണ്ടോ ;

(ഡി) 16-8-1986-ൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവുമൂലം ഈ വിഭാഗം ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ശമ്പളത്തിൽ കുറവു വരുമെന്നും, പലരും പിരിഞ്ഞു പോകേണ്ടിവരുമെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂൾസിൽ റൂൾ 1-ലെ കാറ്റഗറി 4-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ തസ്തികകൾ പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നതിനായി നീക്കി വച്ചിട്ടുള്ളവയാകുന്നു. ജില്ലാടിസ്ഥാനത്തിൽ ജില്ലാകളക്ടർമാർ തയ്യാറാക്കി സൂക്ഷിക്കുന്ന പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റുകളിൽ നിന്നായിരിക്കും മ്യൂസിയം ആൻറ് സൂ മൃഗസംരക്ഷണം എന്നീ വകുപ്പുകളൊഴികെ മറ്റു വകുപ്പുകളിലെ കാറ്റഗറി 4-ൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നത്.

(സി) ഇല്ല.

(ഡി) 16-8-86-ലെ ജി. ഒ. (പി) 550/86/ ഫിൻ. ഉത്തരവുപ്രകാരം പാർട്ട്ടൈംകാരെ വൃത്തിയാക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം നിജപ്പെടുത്തിയപ്പോൾ 200 ചതുരശ്ര മീറ്ററിനും 400 ചതുരശ്ര മീറ്ററിനും ഇടയിൽ വിസ്തീർണ്ണമുള്ള ഓഫീസുകളിലെ പാർട്ട്ടൈം തൂപ്പുകാർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ശമ്പളത്തിൽ കുറവു വരുന്നു എന്നു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ഉത്തരവുമൂലം ആരും സർവ്വീസിൽ നിന്നും പിരിഞ്ഞുപോകേണ്ടി വരില്ല.

(ഇ) ചില സർവ്വീസ് സംഘടനകളിൽ നിന്ന് നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. 16-8-86-നു മുൻപു കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളത്തിൽ ആർക്കും കുറവു വരാത്തവിധത്തിൽ ഗവൺമെന്റ് പുതിയ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly